കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – ആസ്തിവികസനം – പാലക്കാട് അസംബ്ലി നിയോജകമണ്ഡലം– പാലക്കാട് ടൗൺ ഹാൾ നവീകരണം പാലക്കാട് നഗരസഭ – ഭരണാനുമതി – ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3280/18/തസ്വഭവ തിരുവനന്തപുരം, തീയതി,31.12.2018

---

പരാമർശം :– 1. 21.07.2015 ലെ സർക്കാർ ഉത്തരവ് (സാധാ.)നം 2201 /2015/തസ്വഭവ

2. ബഹു.പാലക്കാട് എം.എൽ.എ യുടെ 05.12.2018 ലെ കത്ത്

## ഉത്തരവ്

പാലക്കാട് എം.എൽ.എ യുടെ 2014–15 വർഷത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പാലക്കാട് ടൗൺ ഹാൾ നവീകരണം പാലക്കാട് നഗരസഭ എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം 3,77,00,000/–(മൂന്നൂറ്റി എഴുപത്തിയേഴ് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി ഹാബിറ്റാറ്റ് ടെക് നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തുന്നതിനായി പരാമർശം (2) പ്രകാരം ബഹു.എം.എൽ.എ സർക്കാരിനോടഭ്യർത്ഥിക്കുകയും ടി പ്രവൃത്തിയ്ക്ക് ഹാബിറ്റാറ്റ് ടെക് നോളജി ഗ്രൂപ്പ് തയ്യാറാക്കിയ ഡി.പി.ആർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ടൗൺ ഹാൾ നവീകരണം പാലക്കാട് നഗരസഭ എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ നിർവ്വഹണ ഏജൻസിയായി ഹാബിറ്റാറ്റ് ടെക് നോളജി ഗ്രൂപ്പിനെ നിയമിച്ചു കൊണ്ട് മേൽ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

3. പരാമർശം (1) സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ചെയർമാൻ/സെക്രട്ടറി , പാലക്കാട് നഗരസഭ

ചെയർമാൻ , ഹാബിറ്റാറ്റ് ടെക് നോളജി ഗ്രൂപ്പ്,തിരുവനന്തപുരം

ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/156/2015/ത.സ്വ.ഭ.വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ